"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ - ആന്തൂർ നഗരസഭ - "മൊറാഴ ചരിത്ര മ്യൂസിയം (Including land acquisition)" എന്ന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.208/2026/LSGD** **തീയതി, തിരുവനന്തപുരം, 27-01-2026.**

പരാമർശം:-

1. 31.07.2023-ലെ സ.ഉ.(സാധാ) നം. 5651/ഫിൻ.
2. 22.04.2025-ലെ സ.ഉ.(കൈ) നം. 72/2025/ത.സ്വ.ഭ.വ.
3. 27.07.2025-ലെ സ.ഉ.(കൈ) നം. 125/2025/ത.സ്വ.ഭ.വ.
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം-ന്റെ 28.09.2025-ലെ LSGD/PD/22834/2025-DB5 നമ്പർ കത്ത്.
5. 31.12.2025-ലെ സ.ഉ.(സാധാ) നം. 10443/2025/ഫിൻ.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II-ൽ ക്രമ നം.1797 ആയി 'മൊറാഴ ചരിത്ര മ്യൂസിയം (Including land acquisition)' എന്ന പ്രവൃത്തിയ്ക്കായി 10 കോടി രൂപ അടങ്കൽ കണക്കാക്കി 20% തുക അനുവദിക്കുകയും തുടർന്ന് പരാമർശം 1) പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ വകുപ്പായി തദ്ദേശ സ്വയംഭരണ വകുപ്പിനെ നിശ്ചയിച്ച് ഉത്തരവാകുകയുണ്ടായി. ഇതേ തുടർന്ന് ആന്തൂർ നഗരസഭ പരിധിയിലെ മൊറാഴ വില്ലേജിൽ റീസർവ്വെ 235/4-ൽപ്പെട്ടതും ശ്രീ. ചിണ്ടൻ മകൻ നാരായണൻ എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ 1.5 ഏക്കർ ഭൂമി 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിൽ, ചട്ടം 3(1), 4(1) പ്രകാരവും, LARR Act, 2013 പ്രകാരമുള്ള നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ചില നിബന്ധനകൾക്കും വിധേയമായി ആർജ്ജിക്കുന്നതിന് ആന്തൂർ നഗരസഭയ്ക്ക് അനുമതി നൽകി പരാമർശം 2) പ്രകാരവും, അതോടൊപ്പം ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ചെലവ് '4217-60-051-97(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി പരാമർശം 3) പ്രകാരവും ഉത്തരവായിരുന്നു.

2) മൊറാഴ ചരിത്ര മ്യൂസിയം പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണക്കാക്കിയ മതിപ്പ് വിലയുടെ (₹3,20,54,880/-) അഞ്ച് ശതമാനമായ 16,02,744/- രൂപ തലശ്ശേരി (എൽ.എ) സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയത്തിൽ നിക്ഷേപിക്കുന്നതിന് പ്രസ്തുത കാര്യാലയത്തിൽ നിന്നും നഗരസഭയോട് ആവശ്യപ്പെട്ടതിനെ തുടർന്ന് ടി തുക തലശ്ശേരി എൽ.എ.

സ്പെഷ്യൽ തഹസീൽദാർ കാര്യാലയത്തിലെ പ്രവർത്തനനിധിയായ 8443-00-117-99-00 (DDO Code 2203-61B-005) ശീർഷകത്തിൽ നിക്ഷേപിക്കുന്നതിന് 26.08.2025-ലെ E1-6211/23 നടപടി ക്രമ പ്രകാരം നഗരസഭ സെക്രട്ടറി ഉത്തരവായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ചെലവ് '4217-60-051-94 (NP)' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് ഉത്തരവായിരുന്നെങ്കിലും തുക ലഭ്യമായിട്ടില്ലെന്നും ആയതിനാൽ 16,02,744/- രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നും അടിയന്തരമായി റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം 4)-ലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ വാല്യം II-ൽ ക്രമ നം.1797 ആയി ഉൾപ്പെടുത്തി 10 കോടി രൂപ അടങ്കൽ കണക്കാക്കി 20% തുക അനുവദിച്ച 'മൊറാഴ ചരിത്ര മ്യൂസിയം (Including land acquisition)' എന്ന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം 5) പ്രകാരം അനുവദിച്ച **16,03,000/- (പതിനാറ് ലക്ഷത്തി മൂവായിരം രൂപ)** രൂപയിൽ നിന്നും പ്രസ്തുത ഭൂമിയുടെ മതിപ്പ് വിലയായ 3,20,54,880/- രൂപയുടെ 5% തുകയായ **16,02,744/-(പതിനാറ് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി നാൽപ്പത്തി നാല് രൂപ)** രൂപ '4217-60-051-94 (NP)' എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ്, റീ-അപ്രോപ്രിയേഷൻ വഴി ഈ അധിക ധനാനുമതി തുക യഥാവിധി ക്രമപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
സെക്രട്ടറി, ആന്തൂർ നഗരസഭ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനവകുപ്പ്. [UO Note No.DEV-3/26/2025-Fin (3044162) dtd 09.01.2026.]
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ// ഓഫീസ് കോപ്പി. (RE3/169/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 27-01-2026 16:54:30
സെക്ഷൻ ഓഫീസർ